നം. കൈറ്റ്/2026/1562-7 (1) തീയതി: 08.09.2026

# സർക്കുലർ

വിഷയം:- കൈറ്റ് - അപ്പർ പ്രൈമറി വിദ്യാലയങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് (ലിറ്റിൽ കൈറ്റ്സ് ജൂനിയർ) അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- സ.ഉ (സാധാ) നം . 361/2018/ പൊ. വി. വ തീയതി 20.01.2018

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ സൂചന ഉത്തരവ് അനുസരിച്ച് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ വിജയകരമായി പ്രവർത്തിച്ചുവരുന്നു. പ്രൈമറി തലം മുതൽ തന്നെ കുട്ടികളിൽ ഡിജിറ്റൽ സാക്ഷരത, സാങ്കേതിക അഭിരുചി, സർഗ്ഗാത്മകത, യുക്തിചിന്ത എന്നിവ വികസിപ്പിക്കാൻ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകളുടെ പ്രവർത്തനം പ്രൈമറി വിഭാഗത്തിലേക്ക് കൂടി വ്യാപിപ്പിക്കണമെന്ന സ്കൂൾ അധികൃതരുടെ ആവശ്യം പരിഗണിച്ച് താൽപ്പര്യമുള്ള സർക്കാർ, എയ്ഡഡ് അപ്പർ പ്രൈമറി സ്കൂളുകളിൽ 2026-27 അധ്യയന വർഷം പൈലറ്റ് അടിസ്ഥാനത്തിൽ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് 'ലിറ്റിൽ കൈറ്റ്സ് ജൂനിയർ' എന്ന പേരിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാന സിലബസ് പിന്തുടരുന്ന സർക്കാർ, എയ്ഡഡ് അപ്പർ പ്രൈമറി സ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് ജൂനിയർ യൂണിറ്റ് രൂപീകരിക്കാൻ താത്പര്യമുള്ള വിദ്യാലയങ്ങൾ സമ്പൂർണ്ണ സ്കൂൾ ലോഗിനിൽ ലഭ്യമാക്കിയിരിക്കുന്ന ലിങ്ക് മുഖേന 2026 സെപ്റ്റംബർ 30 നകം ഓൺലൈനായി അപേക്ഷ നൽകേണ്ടതാണ്. അപേക്ഷയുടെ മാതൃക അനുബന്ധമായി നൽകുന്നു. ഓൺലൈൻ വഴി അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

2. ഏഴാം ക്ലാസിൽ പഠിക്കുന്ന 10 മുതൽ 25 വരെ വിദ്യാർഥികളെ ഉൾപ്പെടുത്തിയാണ് യൂണിറ്റ് രൂപീകരിക്കേണ്ടത്. ഒരു യൂണിറ്റിൽ ചുരുങ്ങിയത് 10 അംഗങ്ങൾ ഉണ്ടായിരിക്കണം. അതിനാൽ ഏഴാം ക്ലാസിൽ നിശ്ചിത എണ്ണം കുട്ടികൾ ഉള്ള സ്കൂളുകൾ മാത്രം അപേക്ഷ നൽകേണ്ടതാണ്.

3. അപേക്ഷ പരിശോധിച്ച് കൈറ്റ് തെരഞ്ഞെടുക്കുന്ന വിദ്യാലയങ്ങളിലായിരിക്കും പൈലറ്റ് അടിസ്ഥാനത്തിൽ 2026-27 അധ്യയന വർഷം ലിറ്റിൽ കൈറ്റ്സ് ജൂനിയർ യൂണിറ്റ് അനുവദിക്കുന്നത്. അതിനാൽ സമയബന്ധിതമായി അപേക്ഷ നൽകുന്നതിന് സ്കൂൾ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4. കൈറ്റ് ലഭ്യമാക്കുന്ന പ്രത്യേക ചോദ്യങ്ങളുപയോഗിച്ച് ഏഴാം ക്ലാസിലെ താല്പര്യമുള്ള എല്ലാ കുട്ടികൾക്കും അഭിരുചി പരീക്ഷ നടത്തി നിശ്ചിത എണ്ണം അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതാണ്. (അഭിരുചി പരീക്ഷ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശം പിന്നീട് പുറപ്പെടുവിക്കുന്നതാണ്.)

5. യൂണിറ്റ് അനുവദിക്കുന്നതിന് കുറഞ്ഞത് നാല് അംഗങ്ങൾക്ക് ഒരു കമ്പ്യൂട്ടർ (4:1) എന്ന അനുപാതത്തിൽ പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകളുള്ള ലാബ് സൗകര്യം/ലാപ്ടോപ്പുകൾ ഉണ്ടായിരിക്കേണ്ടതാണ്. സ്കൂൾ പ്രഥമാധ്യാപകർ ഇക്കാര്യം ഉറപ്പുവരുത്തി മാത്രം അപേക്ഷ നൽകേണ്ടതാണ്.

6. ലിറ്റിൽ കൈറ്റ്സ് ജൂനിയർ അംഗങ്ങളുടെ പരിശീലനത്തിനായി മാസത്തിൽ കുറഞ്ഞത് രണ്ട് മണിക്കൂർ സമയം സ്കൂൾ സമയത്തിനുപരിയായി ക്രമീകരിക്കേണ്ടതാണ്.

7. സ്കൂളിലെ പൊതുവായ ഐടി പ്രവർത്തനങ്ങൾക്ക് (ഡിജിറ്റൽ സ്ക്വയർ തുടങ്ങിയ) യൂണിറ്റ് അംഗങ്ങൾ നേതൃത്വം നൽകേണ്ടതാണ്.

8. സാങ്കേതികവിദ്യയിൽ താല്പര്യവും അഭിരുചിയുമുള്ള ഒരു അധ്യാപകന്/ അധ്യാപികയ്ക്ക് ക്ലബ്ബിന്റെ ചുമതല നൽകേണ്ടതാണ്. ടി അധ്യാപകന് കൈറ്റ് യഥാസമയം പരിശീലനം നൽകുന്നതാണ്.

9. കൈറ്റ് തയ്യാറാക്കി നൽകുന്ന പ്രത്യേക മൊഡ്യൂളും പ്രവർത്തനക്രമവും അനുസരിച്ച് ക്ലബ്ബുകൾ പ്രവർത്തിക്കേണ്ടതാണ്.

10. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വരുന്ന സാമ്പത്തിക ചെലവുകൾ വിദ്യാലയങ്ങൾ തന്നെ കണ്ടെത്തേണ്ടതാണ്.

11. ഓരോ അധ്യയന വർഷത്തിലെയും പ്രവർത്തനങ്ങൾ വിലയിരുത്തി മാത്രമായിരിക്കും യൂണിറ്റുകളുടെ അംഗീകാരം തുടർന്ന് നിലനിർത്തുന്നത്. അതിനാൽ ഓരോ മാസത്തെയും പ്രവർത്തന റിപ്പോർട്ട് സ്കൂൾ പ്രഥമാധ്യാപകർ സാക്ഷ്യപ്പെടുത്തി കൈറ്റ് ജില്ലാ ഓഫീസിൽ നൽകേണ്ടതാണ് .

**കെ.അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് ലോവർ പ്രൈമറി/അപ്പർ പ്രൈമറി സ്കൂൾ/ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും – ജില്ലാ കോ–ഓർഡിനേറ്റർ മുഖേന

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ – അറിവിലേയ്ക്ക്
എല്ലാ ഡി.ഡി.ഇ./ഡി.ഇ.ഒ/എ.ഇ.ഒ.മാർക്കും – ജില്ലാ കോ–ഓർഡിനേറ്റർ മുഖേന
കൈറ്റിലെ എല്ലാ ജില്ലാ കോ–ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക്ക് ഫയൽ

## കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE)

### ലിറ്റിൽ കൈറ്റ്സ് ജൂനിയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അപേക്ഷാ ഫോറത്തിന്റെ മാതൃക

### (ഹാർഡ് കോപ്പി അയക്കേണ്ടതില്ല)

---

**അക്കാദമിക് വർഷം:** 2026-27 **തീയതി:** ................................

| 1. വിദ്യാലയ വിവരങ്ങൾ (School Information) | |
|---|---|
| 1.1 സ്കൂൾ കോഡ് (School Code) | |
| 1.2 വിദ്യാലയത്തിന്റെ പേര് (School Name) | |
| 1.3 സബ് ജില്ല & റവന്യൂ ജില്ല | |
| 1.4 സ്കൂൾ തരം (School Type) | [ ] സർക്കാർ (Govt) [ ] എയ്ഡഡ് (Aided) |
| 1.5 പി.എസ്.ഐ.ടി.സി (PSITC) പേര് | |
| 1.6 പി.എസ്.ഐ.ടി.സി മൊബൈൽ നമ്പർ | |
| 1.7 സമേതം പോർട്ടലിൽ സ്കൂളുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തിയോ? | [ ] അതെ (Yes) [ ] അല്ല (No) |

**1.8 വിദ്യാർത്ഥികളുടെ എണ്ണം (UP വിഭാഗം) / Student Strength**

| ക്ലാസ് (Class) | ആൺകുട്ടികൾ (Boys) | പെൺകുട്ടികൾ (Girls) | ആകെ (Total) |
|---|---|---|---|
| ക്ലാസ് 5 (Class 5) | | | |
| ക്ലാസ് 6 (Class 6) | | | |
| ക്ലാസ് 7 (Class 7) | | | |
| ആകെ വിദ്യാർത്ഥികൾ (Overall Total) | | | |

| 2. ലിറ്റിൽ കൈറ്റ്സ് മെന്റർ വിവരങ്ങൾ (LK Mentor Information) | |
|---|---|
| 2.1 ചുമതല നൽകുന്ന അധ്യാപകന്റെ PEN | |
| 2.2 അധ്യാപകന്റെ പേര് & തസ്തിക | |
| 2.3 PSITC ആയി പ്രവർത്തിച്ചിട്ടുണ്ടോ? | [ ] അതെ (Yes) [ ] അല്ല (No) |
| 2.4 കൈറ്റിന്റെ ICT പരിശീലനങ്ങളിൽ RP ആയി പങ്കെടുത്തിട്ടുണ്ടോ? | [ ] അതെ (Yes) [ ] അല്ല (No) |

| 3. സ്കൂൾ ICT അടിസ്ഥാന സൗകര്യങ്ങൾ (School ICT Infrastructure) | |
|---|---|
| 3.1 പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകളുടെ / ലാപ്ടോപ്പുകളുടെ എണ്ണം | |
| 3.2 ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറുകളുടെ എണ്ണം | |
| 3.3 ക്ലാസ്സ് മുറി, ലാബ് എന്നിവയ്ക്ക് പുറമെ ഹൈടെക് മുറികൾ ഉണ്ടോ? (എണ്ണം) | [ ] ഉണ്ട് (എണ്ണം: ..............) [ ] ഇല്ല |
| 3.4 അധിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ PTA സന്നദ്ധമാണോ? | [ ] അതെ (Yes) [ ] അല്ല (No) |

**4. ICT പാഠപുസ്തക വിനിമയം (ICT Textbook Curriculum Delivery - സെപ്റ്റംബർ വരെ)**

| 4.1 ക്ലാസ് 5 (Class 5) | 4.2 ക്ലാസ് 6 (Class 6) | 4.3 ക്ലാസ് 7 (Class 7) |
|---|---|---|
| [ ] വരയ്ക്കാം വർണം നിറയ്ക്കാം | [ ] കമ്പ്യൂട്ടറിലെ മലയാളം | [ ] വിവരവിശകലനം |
| [ ] കമ്പ്യൂട്ടറിൽ എഴുതാം | [ ] വരയ്ക്കാം ചലിപ്പിക്കാം | [ ] തിരയാം കണ്ടെത്താം |
| [ ] ഗണിത രൂപങ്ങൾ കമ്പ്യൂട്ടറിൽ | [ ] പാട്ടിന് ഈണം തയ്യാറാക്കാം | [ ] കമ്പ്യൂട്ടറിൽ ഒരു മാഗസിൻ |
| [ ] ചിത്രം വരയ്ക്കാൻ കോഡിംഗ് | [ ] കോഡിംഗ്-കളിയിലെ കാര്യങ്ങൾ | [ ] വർണ ചിത്രങ്ങൾ |

| 5. സമ്പൂർണ്ണ / സമ്പൂർണ്ണ പ്ലസ് (Sampoorna Status) | |
|---|---|
| 5.1 സ്കൂൾ വിവരങ്ങൾ സമ്പൂർണ്ണയിൽ പൂർണ്ണമാണോ? | [ ] പൂർണ്ണമാണ് (Complete) [ ] ഭാഗികം (Partial) |
| 5.2 വിദ്യാർത്ഥികളുടെ ഹാജർ സമ്പൂർണ്ണ പ്ലസിൽ ദിവസേന രേഖപ്പെടുത്തുന്നുണ്ടോ? | [ ] ഉണ്ട് [ ] ഭാഗികമായി [ ] ഇല്ല |

| | |
|---|---|
| 5.3 കഴിഞ്ഞ വർഷത്തെ ഗ്രേഡുകൾ സമ്പൂർണ്ണ പ്ലസിൽ രേഖപ്പെടുത്തിയിട്ടുണ്ടോ? | പാദവാർഷികം: [ ] ഉണ്ട് [ ] ഇല്ല<br>അർദ്ധവാർഷികം: [ ] ഉണ്ട് [ ] ഇല്ല<br>വാർഷികം: [ ] ഉണ്ട് [ ] ഇല്ല |
| 5.4 'സഹിതം' മെന്ററിംഗ് വിവരങ്ങൾ രേഖപ്പെടുത്തിയ കുട്ടികളുടെ എണ്ണം | ക്ലാസ് 5: .................. ക്ലാസ് 6: .................. ക്ലാസ് 7: .................. |

| | |
|---|---|
| **6. 100 ദിന കർമ്മപരിപാടി (100-Day Action Programme)** | |
| **6A. ഡിജിറ്റൽ സ്ക്വയർ (Digital Square)** | |
| A1. പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ? | [ ] ഉണ്ട് (Yes) [ ] ഇല്ല (No) |
| A2. പദ്ധതിക്കായി സജ്ജീകരിച്ച കമ്പ്യൂട്ടറുകളുടെ എണ്ണം | |
| A3. കമ്പ്യൂട്ടറുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് ലഭ്യമാണോ? | [ ] അതെ (Yes) [ ] അല്ല (No) |
| A4. ഹെഡ്ഫോൺ, സ്പീക്കർ, കീബോർഡ്, മൗസ് ലഭ്യമാണോ? | [ ] അതെ (Yes) [ ] അല്ല (No) |
| A5. പ്രത്യേക സ്ഥലവും ബോർഡും ക്രമീകരിച്ചിട്ടുണ്ടോ? | [ ] അതെ (Yes) [ ] അല്ല (No) |
| A6. GCompris, Tux Paint, Scratch, e-Cube ഉപയോഗിക്കുന്നുണ്ടോ? | [ ] അതെ (Yes) [ ] അല്ല (No) |
| **6B. താരാപഥം (Thaarapadam) – അക്കാദമിക് മോണിറ്ററിംഗ്** | |
| B1. അധ്യാപകരുടെ പാഠ്യപദ്ധതി പ്ലാനുകൾ HM വിലയിരുത്തുന്നുണ്ടോ? | [ ] ഉണ്ട് (Yes) [ ] ഇല്ല (No) |
| B2. സമഗ്ര പ്ലസ് മോണിറ്ററിംഗ് സംവിധാനം ഉപയോഗിക്കുന്നുണ്ടോ? | [ ] അതെ (Yes) [ ] അല്ല (No) |
| **6C. സ്കൂൾ വിക്കിത്തോൺ (School Wikithon)** | |
| C1. സ്കൂൾ വിക്കി പേജ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ടോ? | [ ] ഉണ്ട് (Yes) [ ] ഇല്ല (No) |
| C2. സ്കൂൾ വിക്കി പേജ് അവസാനം അപ്ഡേറ്റ് ചെയ്ത 4 തീയതികൾ | 1. .................................... 2. ....................................<br>3. .................................... 4. .................................... |
| C3. സ്കൂൾ വിക്കി - വഴികാട്ടിയിൽ ലൊക്കേഷൻ മാപ്പ് ചേർത്തിട്ടുണ്ടോ? | [ ] ഉണ്ട് (Yes) [ ] ഇല്ല (No) |

| | |
|---|---|
| **7. മറ്റ് അനുബന്ധ വിവരങ്ങൾ (Other Information)** | |
| 7.1 ഹരിത വിദ്യാലയം റിയാലിറ്റി ഷോയിൽ അപേക്ഷിച്ചിരുന്നോ? | [ ] Grand Finale യിൽ പങ്കെടുത്തു<br>[ ] രണ്ടാം ഘട്ട ഫ്ലോർ ഷൂട്ടിൽ പങ്കെടുത്തു<br>[ ] ആദ്യ ഘട്ട ഫ്ലോർ ഷൂട്ടിൽ പങ്കെടുത്തു<br>[ ] അപേക്ഷിച്ചു [ ] അപേക്ഷിച്ചിട്ടില്ല |
| 7.2 അടുത്തുള്ള ഹൈസ്കൂൾ LK യൂണിറ്റുമായുള്ള സംയുക്ത പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ? | [ ] ഉണ്ട് (Yes) [ ] ഇല്ല (No)<br>വിശദാംശങ്ങൾ: .................................................................... |

**സത്യപ്രസ്താവന (Declaration)**

മുകളിൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ സ്കൂൾ പി.ടി.എ / എസ്.എം.സി-യുടെ പൂർണ്ണ അറിവോടെയും സമ്മതത്തോടെയും കൃത്യമായി പരിശോധിച്ച തയ്യാറാക്കിയിട്ടുള്ളതാണ്. സ്കൂളിലെ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും പരിശോധിച്ച ശേഷം കൈറ്റ് നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ യൂണിറ്റ് അനുവദിക്കപ്പെടുകയുള്ളൂ എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സിന്റെ നിയമാവലികൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി പ്രവർത്തിക്കാൻ സ്കൂൾ പൂർണ്ണ സന്നദ്ധമാണ്.